**No. CEE/4848/2013/KEAM-2014/TA1**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## 2014-ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിലെ ഒഴിവുവന്ന സീറ്റുകളിലേയ്ക്കുള്ള ഓൺലൈൻപ്രവേശനം

സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെയും പുതുതായി ഉൾപ്പെടുത്തിയ ചില സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളിലെയും ഒഴിവുള്ള സീറ്റുകളിലേയ്ക്കുള്ള ഓൺലൈൻ അലോട്ട്മെന്റ് നടപടികൾ **03.08.2014** (**ഞായറാഴ്ച**) ആരംഭിക്കുന്നതാണ്.

2014-ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിയായി തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിച്ചവർ ഒഴികെയുള്ളതുമായ വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും, ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ 2014-ലെ ആർക്കിടെക്ചർ റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിച്ചവർ ഒഴികെയുള്ളതുമായ വിദ്യാർത്ഥികൾക്ക് പുതുതായി ഉൾപ്പെടുത്തിയ ആർക്കിടെക്ചർ കോളേജുകളിലേയ്ക്ക് **2014 ആഗസ്റ്റ് 3-ാം തീയതി** മുതൽ **ആഗസ്റ്റ് 5-ാം തീയതി വൈകുന്നേരം 4 മണി** വരെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും പുതുതായി ഉൾപ്പെടുത്തിയ ആർക്കിടെക്ചർ കോളേജുകളിലേയ്ക്ക് അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. വിദ്യാർത്ഥികൾക്ക് സൗജന്യമായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഇന്റർനെറ്റ് സൗകര്യമുള്ള **ഓപ്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളും** (OFC) **ഹെൽപ്പ് ഡസ്കുകളും** (HD) സംസ്ഥാനത്തുടനീളം ഇക്കാലയളവിൽ പ്രവർത്തിക്കുന്നതാണ്. ഇവയുടെ വിശദമായ ലിസ്റ്റ് **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

### അലോട്ട്മെന്റ് ഷെഡ്യൂൾ താഴെ ചേർക്കുന്നു

| | |
|---|---|
| **03.08.2014 - 3 pm** | പുതിയ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും നിലവിലുള്ള ഹയർ ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും/റദ്ദാക്കുന്നതിനുമുള്ള ഓൺലൈൻ സൗകര്യം സജ്ജമാകുന്നു. |
| **05.08.2014 - 4 pm** | ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ/ക്രമീകരിക്കൽ/റദ്ദാക്കൽ സൗകര്യം അവസാനിക്കുന്നു |
| **06.08.2014** | **അലോട്ടുമെന്റ് പ്രസിദ്ധീകരണം** |
| **07.08.2014 to 09.08.2014** | എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്ക് അലോട്ടുമെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള തുക/അധിക തുക **സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (SBT)**ന്റെ നിശ്ചിത ശാഖകളിൽ അടച്ച ശേഷം അതത് കോളേജുകളിൽ പ്രവേശനം നേടണം. |
| **09.08.2014** | കോളേജ് അധികാരികൾ നോൺ-ജോയിനിംഗ് റിപ്പോർട്ട് **വൈകുന്നേരം 05.30** മണിയ്ക്കു മുമ്പായി സമർപ്പിക്കണം. |

### പുതുതായി ഉൾപ്പെടുത്തിയ സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകൾ:

| ക്രമ. നം. | കോളേജ് കോഡ് | കോളേജുകൾ |
|---|---|---|
| 1 | **EKR** | Eranad Knowledge City College of Architecture, Cherukulam, Manjeri, Malappuram |
| 2 | **MCR** | Marian College of Architecture and Planning, Kazhakuttom, Thiruvananthapuram |
| 3 | **MLR** | Mangalam School of Architecture and Planning, Perumbaikad, Kottayam |
| 4 | **NMR** | Nizar Rahim and Mark School of Architecture, Madannada, Kollam |

### ഫീസ് നിരക്ക്:

| **സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകൾ** | **50% സർക്കാർ സീറ്റ്** | |
|---|---|---|
| അലോട്ട്മെന്റ് ലഭിക്കുന്നവർ CEE യുടെ പേരിൽ 10,000/- രൂപ തെരഞ്ഞെടുത്ത **SBT** ശാഖയിൽ ഒടുക്കേണ്ടതാണ്. ബാക്കി ഫീസ് തുക ബന്ധപ്പെട്ട കോളേജിൽ പ്രവശനം നേടുമ്പോൾ ഒടുക്കിയാൽ മതിയാകും | *25% താഴ്ന്ന വരുമാനക്കാർ **50,000**/- രൂപ | 25% മറ്റുള്ളവർ<br>Tuition Fee - **50000**/- രൂപ<br>Special Fee - **25000**/-രൂപ |

*ഈ ആനുകൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നത് കോളേജുകളിലേക്കുള്ള അലോട്ട്മെന്റ് പൂർത്തിയായതിന് ശേഷമായിരിക്കും. ആയതിനാൽ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും കോളേജിൽ അടയ്ക്കേണ്ടതുമായ ഫീസ് പ്രവേശന സമയത്ത് വിദ്യാർത്ഥികൾ കോളേജിൽ ഒടുക്കേണ്ടതാണ്. ഫീസ് ഇളവ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ബാക്കി തുക മടക്കി നൽകുന്നതാണ്.

**ടോക്കൺ ഡെപ്പോസിറ്റ്**

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, സർക്കാർ ഉത്തരവ് നം. (എം.എസ്.)25/2005/SCSTDD, തീയതി: 20.06.2005 അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും **Rs. 1,000/-** അടച്ച് അലോട്ട്മെന്റ് അംഗീകരിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന അലോട്ടുമെന്റ് കേന്ദ്ര റഗുലേറ്ററി അതോറിറ്റിയുടെയും ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയുടെയും അംഗീകാരത്തിനു വിധേയമായിരിക്കും.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
01.08.2014

**പ്രവേശന പരീക്ഷാ കമ്മീഷണർ**